## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 334** **18.10.2016 ൽ മറുപടിക്ക്.**

## ചെക്ക്പോസ്റ്റുകൾ അഴിമതിരഹിതമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും നടപടികൾ

<table>
<tr><td colspan="2">ചോദ്യം<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ.ബി.സത്യൻ</td><td colspan="2">മറുപടി<br>ഡോ.റ്റി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി)</td></tr>
<tr><td>എ)</td><td>മുൻസർക്കാരിന്റെ കാലത്ത് നികുതി പിരിവിൽ ഗണ്യമായ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td><td>എ)</td><td>ഉണ്ട്. മുൻസർക്കാരിന്റെ കാലത്തെ നികുതി പിരിവിന്റെ സ്ഥിതി വിവരക്കണക്ക് ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>ലഭിച്ച നികുതി വരുമാനം (കോടിയിൽ)</th><th>വർദ്ധനവിന്റെ ശതമാനം</th></tr>
<tr><td>2011-12</td><td>19310.54</td><td>20</td></tr>
<tr><td>2012-13</td><td>22885.83</td><td>19</td></tr>
<tr><td>2013-14</td><td>25376.25</td><td>11</td></tr>
<tr><td>2014-15</td><td>27870.89</td><td>10</td></tr>
<tr><td>2015-16</td><td>31152.07</td><td>12</td></tr>
</table></td></tr>
<tr><td>ബി)</td><td>മന്ദഗതിയിലുള്ള പരിശോധനയും വിലയിരുത്തലും നികുതിയിലുണ്ടായ ചോർച്ചയുമാണ് കഴിഞ്ഞ സാമ്പത്തികവർഷം നികുതി പിരിവ് പന്ത്രണ്ട് ശതമാനമായി കുറഞ്ഞതിന്റെ കാരണം എന്നത് പരിശോധിച്ചിട്ടുണ്ടോ;</td><td>ബി)</td><td>കഴിഞ്ഞ സാമ്പത്തിക വർഷം നികുതി പിരിവ് വർദ്ധനവ് 12% ആയിരുന്നു.<br>റബ്ബറിന്റെ വില മുൻ വർഷത്തെ വിലയേക്കാൾ ക്രമാതീതമായി കുറഞ്ഞു. റബ്ബറിന്റെ വിലയിൽ വരുന്ന കുറവ് ജനങ്ങളുടെ ക്രയശേഷിയെ പ്രതികൂലമായി ബാധിക്കും. ഇത് നികുതി വരുമാനത്തെയും ബാധിച്ചിട്ടുണ്ട്. 31.03.2016</td></tr>
</table>

| | | | |
|---|---|---|---|
| | | | വരെയുള്ള കണക്കനുസരിച്ച് റബ്ബറിൽ നിന്നുള്ള വരുമാനത്തിൽ 9% കുറവുണ്ടായിട്ടുണ്ട്. കൂടാതെ റബ്ബറിനെ 2014 ഡിസംബർ 20 മുതൽ 2015 മാർച്ച് 31 വരെ നികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നു.<br>മോട്ടോർ വാഹനങ്ങളിൽ നിന്നുള്ള നികുതി സംസ്ഥാനത്തിന്റെ വാറ്റ് നികുതി പിരിവിന്റെ 18 ശതമാനത്തോളം വരും. പ്രസ്തുത ഇനത്തിലും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല മുൻ വർഷങ്ങളിൽ 23 ശതമാനത്തോളം വളർച്ചാ നിരക്ക് രേഖപ്പെടുത്തിയ സ്ഥാനത്ത് 2015-16 സാമ്പത്തിക വർഷം 7% വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.<br>എണ്ണക്കമ്പനികളിൽ നിന്നും സാധാരണ 20 ശതമാനത്തോളം വർദ്ധനവ് രേഖപ്പെടുത്തിയിരുന്ന സ്ഥാനത്ത് 2016 മാർച്ച് 31 വരെ 9 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് പ്രധാനമായും പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ വന്ന കുറവും ബിറ്റുമെൻ, ഫർണസ് ഓയിൽ എന്നിവയുടെ വിൽപ്പനയിൽ വന്ന കുറവും നിമിത്തമാണ്.<br>അരി, ഗോതമ്പ്, മൈദ, ആട്ട, സൂജി എന്നിവയെ നികുതിയിൽ നിന്നും ഒഴിവാക്കിയതും നികുതി പിരിവ് കുറയുന്നതിനുള്ള ഒരു കാരണമാണ്.<br>ചിക്കന്റെ നികുതിയിനത്തിലും ഉദ്ദേശിച്ച വളർച്ച കൈവരിക്കുവാൻ സാധിച്ചിരുന്നില്ല. 31.03.2016 വരെ 12 ശതമാനത്തിന്റെ കുറവാണ് സംഭവിച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| | | | ബാർ ഹോട്ടലുകൾ അടച്ചതും നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു പ്രസ്തുത ഇനത്തിൽ 20 ശതമാനം കുറവാണ് സംഭവിച്ചിരിക്കുന്നത്. സർവ്വോപരി നികുതി വകുപ്പിനെ അടിമുടി ഗ്രസിച്ച അഴിമതിയും കെടുകാര്യസ്ഥതയും ടാക്സ് മെഷീനറിയെ തന്നെ തകർക്കുകയും കാര്യക്ഷമത ചോർത്തുകയും ചെയ്തു. ഈ സ്ഥിതിയിൽ നിന്നും കരകയറുക അതീവ ദുഷ്കരമാണ്. |
| സി) | നികുതി വരുമാന ചോർച്ച തടയുന്നതിനായി ചെക്ക്പോസ്റ്റുകൾ അഴിമതിരഹിതമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | സി) | നിലവിലുള്ള ചെക്ക് പോസ്റ്റ് സംവിധാനത്തിലെ ഏറ്റവും സങ്കീർണ്ണമായ പ്രശ്നങ്ങളായ ഗതാഗതക്കുരുക്ക്, നടപടികളിലെ കാലതാമസം എന്നിവ പൂർണ്ണമായും ഇല്ലാതാക്കുക, സുതാര്യത പൂർണ്ണമായും ഉറപ്പ് വരുത്തുക, നികുതി വരുമാനം വർദ്ധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കേരളത്തിലെ പ്രധാന ചെക്ക്പോസ്റ്റുകളെ അത്യാധുനിക സംവിധാനങ്ങളോട് കൂടിയ സംയോജിത ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട 7 ചെക്ക്പോസ്റ്റുകൾ ഇങ്ങനെ നവീകരിക്കാനാണ് ഇപ്പോൾ ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇതിൽ ആദ്യ ഘട്ടത്തിൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, വയനാട് ജില്ലയിലെ മുത്തങ്ങ എന്നീ ചെക്ക് പോസ്റ്റുകളെ സംയോജിത വിവര ശേഖരണ കേന്ദ്രങ്ങളാക്കി മാറ്റുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.<br>നിലവിൽ അതിർത്തിയിൽ പല |

| | | | |
|---|---|---|---|
| | | | സ്ഥലങ്ങളിലായി പ്രവർത്തിക്കുന്ന, ആറ് വകുപ്പുകളുടെ കീഴിൽ വരുന്ന ചെക്ക് പോസ്റ്റുകളെ ഒരു കുരയ്ക്ക് കീഴിൽ കൊണ്ട് വരുമ്പോൾ നടപടി ക്രമങ്ങൾ ലളിതമാകുന്നു. സംയോജിത വിവര ശേഖരണ കേന്ദ്രത്തോടനുബന്ധിച്ചുള്ള ഫെസിലിറ്റേഷൻ സെന്ററിൽ സമർപ്പിക്കുന്ന പൊതു വിവരങ്ങൾ ഒരു പ്രത്യേക സോഫ്റ്റ് വെയർ വഴി ഫിൽറ്റർ ചെയ്ത് ഒരേ സമയം തന്നെ ആറ് വകുപ്പുകൾക്കും അവർക്കാവശ്യമായവ മാത്രമായി ലഭ്യമാകുന്നതിനാൽ വാഹനം സെന്ററിനുള്ളിലേയ്ക്ക് കടന്ന് വരുമ്പോൾ ഓരോ വകുപ്പിനും കുറഞ്ഞ സമയം കൊണ്ട് പരിശോധന പൂർത്തിയാക്കി വാഹനത്തെ കടത്തിവിടുവാൻ കഴിയും.<br><br>സെന്ററിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന ഇലക്ട്രോണിക് വെയ്ബ്രിഡ്ജ്, നമ്പർ പ്ലേറ്റ് റീഡറുകൾ, ആർ.എഫ്.ഐ.ഡി സംവിധാനം, ബൂം ബാരിയറുകൾ എന്നിവ പ്രസ്തുത സോഫ്റ്റ് വെയറുമായി ലിങ്ക് ചെയ്യുമെന്നതിനാൽ, വാഹനങ്ങളെയും ചരക്കിനെയും സംബന്ധിച്ച വിവരങ്ങൾ അതാത് സമയം തന്നെ മറ്റ് ഡാറ്റാകളോടൊപ്പം കൗണ്ടറിലെ ഉദ്യോഗസ്ഥർക്ക് ലഭിക്കുമെന്നത് ചരക്ക് നീക്കത്തിന്റെ വേഗത, കാര്യക്ഷമത, സുതാര്യത എന്നിവ പതിൻമടങ്ങ് വർദ്ധിക്കുന്നതിന് സഹായകമാകും. |

**സെക്ഷൻ ഓഫീസർ**